ക്ലാസ് : 6
കേരളപാഠാവലി
യൂണിറ്റ് : 2
കലയുടെ കേദാരം

## പാഠം : 2 : ജീവനുള്ള പാട്ട്

### പാഠവിശകലനം

| | |
|---|---|
| പാഠത്തിന്റെ പേര് | : ജീവനുള്ള പാട്ട് |
| അധ്യാപികയുടെ പേര് | : അഞ്ജന. ആർ |
| പ്രതീക്ഷിക്കുന്ന സമയം | : 8 പിരീഡ് |
| പഠനനേട്ടങ്ങൾ | : കവിതയുടെയും പാട്ടുകളുടെയും ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് ഉചിതമായ ഈണത്തിൽ ആലപിക്കുന്നു. |
| | : കവിതയിലെ ആശയം, പ്രയോഗഭംഗി പദച്ചേർച്ച എന്നിവ സ്വന്തം കാഴ്ചപ്പാടോടെ വ്യാഖ്യാനിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. |
| ആശയം / ധാരണ | : സംഗീതത്തിന് ആരെയും വശീകരിക്കാനുള്ള കഴിവുണ്ട്. |
| | : പ്രകൃതിയുടെ സൂക്ഷ്മഭാവങ്ങളിലോരോന്നിലും സംഗീതം അടങ്ങിയിരിക്കുന്നു. |
| | : ശബ്ദം, അർത്ഥം, താളം എന്നിവ പാലിച്ചു കൊണ്ടുള്ള ഉചിതമായ പദങ്ങളും പ്രയോഗങ്ങളും കവിതയുടെ സൗന്ദര്യം വർദ്ധിപ്പിക്കും. |
| പ്രവർത്തനങ്ങൾ | : ഈണത്തിൽ ചൊല്ലൽ<br>വരികൾ വിശകലനം ചെയ്യൽ<br>ചിത്രം വരയ്ക്കൽ<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ |
| പഠനത്തെളിവുകൾ | : ആലാപനം<br>ചിത്രം<br>ആസ്വാദനക്കുറിപ്പ് |
| വിലയിരുത്തൽ | : ആലാപനത്തിലെ മികവ്<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതിലെ മികവ്. |
| സാമഗ്രികൾ | : HB, TB, laptop, കവിത കാർഡുകൾ.<br>ചാർട്ട് മാർക്കർ പേന. |

## ദൈനംദിനാസൂത്രണം

ഭാഷയുടേതായ അതിർവരമ്പുകളില്ലാതെ മനുഷ്യമനസ്സുകളെ തൊട്ടുണർത്തുന്ന കലയാണ് സംഗീതം. കേവലമൊരു മുളന്തണ്ടിലും സംഗീതത്തിന്റെ മാസ്മരികത സൃഷ്ടിക്കാൻ സ്ഥിരോത്സാഹിയായ മനുഷ്യനു സാധിച്ചു. ഒരു ഗന്ധർവ്വ ബാലന്റെ ഗാനത്തിൽ മതിമറന്നിരുന്ന സൗന്ദര്യത്തെ നേരിൽ കാണാൻ അവന്റെ കൂടി ഗാനത്തിലൂടെ മനോഹരം താനനുഭവിച്ച ആഗ്രഹിക്കുകയാണ്. ശ്രീ. കുമാരപിള്ളയുടെ 'ജീവനുള്ള പാട്ട്' എന്ന കവിതയിൽ നിന്നെടുത്ത ഏതാനും വരികളാണ് പാഠഭാഗം. മനസ്സിൽ സംഗീതം സൂക്ഷിക്കുന്ന ഏതൊരാൾക്കും പ്രകൃതിയിലെ സൂക്ഷ്മ ഭാവങ്ങളിലോരോന്നിലുമുള്ള അനിർവ്വചനീയമായ സംഗീതം ദർശിക്കാനാവും. അത്തരത്തിൽ പ്രകൃതിയിൽ നിന്ന് അനുഭവിക്കുന്ന സംഗീതം ഗന്ധർവ്വ ബാലന്റെ പാട്ടായി കവിക്കനുഭവപ്പെടുന്നു.

### വായിക്കാം പറയാം

- കുട്ടികൾക്ക് പരിചിതങ്ങളായ ചില സംഗീതോപകരണങ്ങൾ തിരിച്ചറിയുന്ന പ്രവർത്തനത്തിലൂടെ പാഠഭാഗത്തേക്ക് കടക്കുന്നു.
- കലയുടെ കേദാരം എന്ന യൂണിറ്റിന്റെ മുഖചിത്രം കുട്ടികളെ കാണിക്കുന്നു.
  - ചിത്രത്തിൽ എന്തൊക്കെ കാണുന്നു?
  - നിങ്ങൾക്ക് പരിചിതമായ ഏതൊക്കെ വാദ്യോപകരണങ്ങൾ ചിത്രത്തിലുണ്ട്?
    - * ചെണ്ട, തബല, ഓടക്കുഴൽ, ഹാർമോണിയം
- 'ജീവനുള്ള പാട്ട്' എന്ന പാഠഭാഗത്തു നൽകിയ ചിത്രം നിരീക്ഷിക്കുന്നു.
  - കിളികൾ, ഓടക്കുഴൽ, പൂമ്പാറ്റ, പൂക്കൾ, വഞ്ചി തുടങ്ങി ചിത്രത്തിൽ കാണുന്നവ എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു.
    - * കുയിലിന്റെ പാട്ട് ഓടക്കുഴൽ നാദം പോലെയാണ്
    - * പ്രകൃതി സൗന്ദര്യവും സംഗീതവും കൂടിയുള്ള ചേർച്ച
- ഓടക്കുഴൽ വായിക്കുന്നത് കേൾക്കാൻ ക്ലാസിൽ അവസരം ഒരുക്കുന്നു. (ഓഡിയോ)
- കവിത വ്യക്തിഗത വായന (കുട്ടികൾ)
- ആശയം ഗ്രഹിച്ചോ എന്നറിയാനായി ചില ചോദ്യങ്ങൾ ചോദിക്കുന്നു.
  - ആരാണ് പാട്ടുപാടുന്നത്?
  - പാട്ടുകേട്ട് എല്ലാം മറന്ന് നിന്നുപോവുകയാണെന്ന് സൂചിപ്പിക്കുന്ന വരികൾ ഏത്?

- കാട്ടു പുൽത്തണ്ട് എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
- ഗന്ധർവ്വ ബാലന്റെ നാദധാര കേൾവിക്കാരിയെ എങ്ങനെയാണ് സ്വാധീനിക്കുന്നത്?
- "ഈ ജനാലതൻ മുന്നിലരക്ഷണം
  മൂകനായൊന്നു നിന്നിട്ടു പോകണേ!"
  മൂകനായി ഒന്നു നിൽക്കണമെന്ന് പെൺകുട്ടി പറയാൻ കാരണമെന്ത്?

- ചർച്ച
- ക്രോഡീകരണം.
  - ഓടക്കുഴലാണ് കാട്ടുപുൽത്തണ്ട്
  - ഗന്ധർവ്വബാലന്റെ ഓടക്കുഴൽ സംഗീതം അത്യന്തം മധുരവും ആകർഷകവുമാണ്. ആ ഗാനത്തിൽ മതിമറന്ന് മുഖം കുനിച്ച് പെൺകുട്ടി നില്ക്കാറുണ്ട്. ആ ഗാനം അകന്നകന്ന് അന്തിവാനിൽ ലയിക്കുമ്പോഴും പെൺകുട്ടിയുടെ കൗതുകം നിറഞ്ഞ മനസ്സ് ഗായകന് ചുറ്റും പ്രദക്ഷിണം വയ്ക്കുന്നു.
  - ഗാനത്തിൽ മതിമറന്ന് മുഖം കുനിച്ചു നിൽക്കുന്നതിനാൽ ഗായകനെ ഒരിക്കലും കാണാൻ അവൾക്കു കഴിഞ്ഞിട്ടില്ല. ഗായകനെ ഒരു നോക്കു കാണാൻ വേണ്ടിയാണ് ജനാലയ്ക്കരികിൽ പാട്ടുപാടാതെ ഒരു നിമിഷം നിന്നിട്ട് പോകൂ എന്നവൾ യാചിക്കുന്നത്.

- കവിതയിലെ പരിചയമില്ലാത്ത പദങ്ങളുടെ അർത്ഥം ഊഹിച്ചെഴുതൽ - നിഘണ്ടു നോക്കി ഉറപ്പു വരുത്തൽ.

- പാഠം രസിക്കാം
  - കവിതയ്ക്ക് ഈണം കണ്ടെത്തൽ
  - മികച്ച ഗ്രൂപ്പിനെ കണ്ടെത്തൽ
  - മറ്റു ഗ്രൂപ്പുകൾ വിലയിരുത്തി അഭിപ്രായം പറയൽ

ആലാപന മികവ് വിലയിരുത്തുന്നു.

വിലയിരുത്തൽ സൂചകങ്ങൾ

* താളത്തിനനുസരിച്ചുള്ള ആകർഷകമായ ഈണം
* ഉച്ചാരണസ്ഫുടത
* ഭാവാത്മകത
* വ്യക്തത

- അധ്യാപിക കവിത ഈണത്തിൽ ആലപിക്കുന്നു.

രണ്ടാം ഗ്രൂപ്പിന്റെ ആലാപനം മികച്ചതായിരുന്നു. ഒന്നും മൂന്നും ഗ്രൂപ്പുകൾ നല്ല നിലവാരം പുലർത്തി. ഭാവാത്മകത മൂന്നു ഗ്രൂപ്പിനും കുറവായിരുന്നു.

## വിശകലനം ചെയ്യാം

(ആറാം തരത്തിലെ കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ട്)

- കുട്ടികൾ കണ്ണടച്ചിരിക്കുന്നു
- ഓടക്കുഴൽ നാദം വീണ്ടും കേൾപ്പിക്കുന്നു
- ഓടക്കുഴലൂതുന്ന ഒരു ബാലനെ മനസ്സിൽ സങ്കല്പിക്കുന്നു
- കണ്ണുകൾ തുറക്കാം
  - ഓടക്കുഴലൂതിയ ബാലനെ കാണാൻ ആഗ്രഹം തോന്നുന്നില്ലേ?
  - ഇതു പോലെ നിത്യവും ഓടക്കുഴൽഗാനം കേൾക്കുന്ന പെൺകുട്ടിയുടെ മനസ്സിലും ആ ഗാനമൂതുന്ന ബാലനെ കാണാനുള്ള കൗതുകമുണ്ടാകില്ലേ?
  - ഓടക്കുഴൽ നാദം കുട്ടിയെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു?
    - ഗാനത്തിൽ ലയിച്ച് എല്ലാം മറന്ന് കുനിഞ്ഞ മുഖവുമായി നിന്നു പോകുന്നു.
    - മനസ്സിൽ അപ്പോൾ ഗായകനെക്കുറിച്ചുള്ള ചിന്തയല്ലാതെ മറ്റൊന്നുമില്ല
    - ഗായകൻ ആരെന്നറിയാനുള്ള കൗതുകം ഗാനത്തിന് ചുറ്റും സഞ്ചരിക്കുന്നു.

- "താവകോജ്ജ്വലഗാനത്തിൽ നിന്നു ഞാൻ
വേർതിരിഞ്ഞൊന്നു കണ്ടിടെ നിൻമുഖം"
എന്ന് പെൺകുട്ടി ആവശ്യപ്പെടുന്നതെന്തുകൊണ്ട് ഗ്രൂപ്പിൽ ചർച്ച.

# എന്നും ഗാനം കേൾക്കാറുണ്ട്
# ആ രൂപം ഇതുവരെ കണ്ടിട്ടില്ല
# മനോഹരമായി പാടുന്ന കുട്ടിയെ കാണാനുള്ള ആഗ്രഹം.
# ഗാനത്തിന്റെ ആകർഷണീയത

- സൂചനകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പിൽ ചർച്ച
- "പുണ്യതമങ്ങളായുള്ള മരങ്ങളും
കണ്ണൻ കുഴൽവിളി കേട്ടനേരം
തേനുറ്റു വീഴുന്ന പൂക്കൾ ചൊരിഞ്ഞുടൻ
മാനിച്ചു കൊമ്പെല്ലാം താഴ്ത്തി നിന്നു"

(കൃഷ്ണഗാഥ - ചെറുശ്ശേരി)

- ഈ വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- ഈ വരികളുമായി ബന്ധിപ്പിക്കാവുന്ന ആശയം ഉൾക്കൊള്ളുന്ന വരികൾ പാഠഭാഗത്തു നിന്നു കണ്ടെത്താൻ ആവശ്യപ്പെടുന്നു.
- വരികളുടെ ആശയം താരതമ്യം ചെയ്യുന്നു
  - കണ്ണന്റെ വേണുഗാനം കേട്ട് ബഹുമാനത്തോടെ കൊമ്പു താഴ്ത്തി നിൽക്കുന്ന മരങ്ങൾ.
  - ഗന്ധർവ്വബാലന്റെ പാട്ടു കേട്ട് എല്ലാം മറന്ന് ശിരം കുനിച്ചു നിൽക്കുന്ന താരക
- വ്യക്തിഗതമായി വിശകലനക്കുറിപ്പ് തയ്യാറാക്കുന്നു
- അവതരണം
- മെച്ചപ്പെടുത്തൽ

രചനയിലെ മികവ് അധ്യാപിക വിലയിരുത്തുന്നു

**വിലയിരുത്തൽ**

താരതമ്യക്കുറിപ്പ് തയ്യാറാക്കി
സ്വപ്നയുടെ കുറിപ്പ് മികച്ചു നിന്നു.
ഷിജോ കുറച്ചു കൂടി മുന്നോട്ടു വരാനുണ്ട്.

## ചിത്രം വരയ്ക്കാം

- "അങ്ങു ദൂരെ നിൻ ദിവ്യഗാനാമൃത-
  മന്തിവാനിലലിഞ്ഞു ചേർന്നീടവേ"
  എന്ന വരികളുടെ ആശയം ചർച്ച ചെയ്യുന്നു.
  - അന്തിവാനിന്റെ പ്രത്യേകതകൾ എന്തെല്ലാം?
  - അന്തിവാനിൽ അലിഞ്ഞു ചേരുന്നത് എന്താണ്?
  - ദിവ്യഗാനാമൃതം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?
- അന്തിമവേദിയിൽ അകന്നു പോകുന്ന ഒരു ഗന്ധർവ ബാലന്റെ രൂപം കുട്ടികൾ സങ്കല്പിക്കട്ടെ.
  - അത് ചിത്രമായി വരയ്ക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണം
    - അന്തിവാനിന്റെ പശ്ചാത്തലം
    - ദൂരത്തിൽ നടന്നു മറയുന്ന ഗായകബാലന്റെ അവ്യക്തമായ രൂപം
    - കൈയിൽ ഓടക്കുഴൽ

- കുട്ടികൾ വ്യക്തിഗതമായി വരയ്ക്കുന്നു.

ചിത്രത്തിന്റെ ഭംഗിയേക്കാൾ ആശയ ചിത്രീകരണത്തിന് കൂടുതൽ പ്രാധാന്യം
ഭിന്നശേഷിക്കാർക്ക് പങ്കാളിത്തം

- ചിത്രങ്ങൾ ക്ലാസിൽ പ്രദർശനം

**വിലയിരുത്തൽ**

ചിത്രരചനയിൽ സ്വപ്നയുടെ ചിത്രം തിരഞ്ഞെടുക്കപ്പെട്ടു. എല്ലാ കുട്ടികളും ചിത്രരചനയിൽ പങ്കാളികളായി. ആശയത്തിന് പ്രാധാന്യം നൽകി വരച്ചതിനാൽ ഭംഗി കുറവുള്ള ചിത്രങ്ങളും പരിഗണിച്ചു

## കാവ്യഭംഗി കണ്ടെത്താം

ചർച്ചാസൂചനകൾ

- കാട്ടുപുൽത്തണ്ട് എന്ന് വിശേഷിപ്പിച്ചത് എന്തിനെയാണ്?
- അങ്ങനെ വിശേഷിപ്പിച്ചത് എന്തുകൊണ്ട്?
- അത്ഭുതച്ഛദം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?
- പാട്ടുണർത്തൽ എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
- പാട്ടുകാരനെ ഗന്ധർവ്വബാലൻ എന്ന് വിശേഷിപ്പിച്ചതിലൂടെ എന്തെല്ലാം വെളിവാകുന്നു
    - ഗന്ധർവ്വന്മാർ മികച്ച ഗായകരാണെന്നാണ് സങ്കല്പം
    - അവർ അദൃശ്യരത്രെ

- സൗന്ദര്യമാർന്ന പദച്ചേരുവകൾ പ്രയോഗിച്ചതിലെ ഭംഗി വ്യക്തമാക്കുന്നതരത്തിലുള്ള സൂചനകൾ നൽകുന്നു
- ഇതുപോലെ സവിശേഷതയുള്ള മറ്റു ~~പദങ്ങൾ~~ വരികൾ കവിതയിൽ നിന്ന് കണ്ടെത്തി എഴുതൂ

  "മൗന മകുടപ്പൂങ്കുഴലിലെ
  നാദലോക മഹാദ്ഭുതത്തിൽ"

- മറ്റു പാട്ടുകളിൽ നിന്നോ കവിതകളിൽ നിന്നോ ഇതേ ആശയമുള്ള വരികൾ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

  "കാട്ടിലെ പാഴ്മുളം തണ്ടിൽ നിന്നും
  പാട്ടിന്റെ പാലാഴി തീർത്തവളേ"
  പി. ഭാസ്കരൻ – ചിത്രം: വിലയ്ക്കു വാങ്ങിയ വീണ

വണ്ടുകൾ തുളച്ച പുൽത്തണ്ടുകളിൽ
തെന്നലിൽ വീണ്ടുമൊരു പാട്ടായ് വരുന്നു."

ഒ.എൻ.വി. - ശുക്ലപക്ഷത്തിലെ പാട്ട്.

- ആസ്വാദനക്കുറിപ്പ്
  - കാവ്യഭംഗി വിശകലനം ചെയ്തതിനെ തുടർന്ന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്ന പ്രവർത്തനത്തിലേക്ക് കടക്കുന്നു
  - ചർച്ച

    സൂചനകൾ
    - കവിതയിലെ പ്രധാനാശയങ്ങൾ
    - സവിശേഷ പ്രയോഗങ്ങൾ
    - അവയുടെ ഔചിത്യം
    - പദച്ചേർച്ചയും, കാവ്യഭംഗിയും
    - കവിയെക്കുറിച്ചുള്ള സൂചനകൾ.
- വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.
- പരസ്പര വിലയിരുത്തൽ

റേറ്റിംഗ് സ്കെയിൽ

| | A | B | C |
|---|---|---|---|
| കവിതയുടെ ആശയം തിരിച്ചറിഞ്ഞ് വ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട് | | | |
| സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തുകയും പ്രയോഗഭംഗി വിശദമാക്കുകയും ചെയ്തിട്ടുണ്ട് | | | |
| സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | | | |
| ഭാഷാപരമായ നിയമങ്ങൾ പാലിച്ചിട്ടുണ്ട്. | | | |

രചനയിലെ മികവ് അധ്യാപിക വിലയിരുത്തുന്നു.

വിലയിരുത്തൽ.

ആസ്വാദനക്കുറിപ്പിൽ കവിതയുടെ ആശയം തിരിച്ചറിഞ്ഞ് വ്യക്തതയോടെ അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും കഴിഞ്ഞു. സവിശേഷ പ്രയോഗം, സ്വന്തം അഭിപ്രായം ഭാഷാപരമായ നിയമങ്ങൾ പാലിച്ചെഴുതാൻ എല്ലാവർക്കും സാധിച്ചില്ല.

## കണ്ടെത്താം, ചൊല്ലാം

- പാഠഭാഗത്തെ വരികൾ ഹൃദിസ്ഥമാക്കൽ
- ഓടക്കുഴലിനെ പരാമർശിക്കുന്ന മലയാളത്തിലെ മറ്റു പാട്ടുകൾ, കവിതകൾ എന്നിവ ശേഖരിച്ച് ക്ലാസിൽ ചൊല്ലി അവതരിപ്പിക്കൽ
  - ഉണ്ണികളേ ഒരു കഥ പറയാം, ഈ പുല്ലാങ്കുഴലിൻ കഥ പറയാം
  -
  -
  -
  - കത്തിയും കുരുത്തിയും - വൈലോപ്പിള്ളി

### എഴുത്തുകാരനെ അറിയാം

ജി. കുമാരപിള്ള: മലയാള കവിയും ഗാന്ധിയനും അധ്യാപകനുമായിരുന്നു. 1923 ആഗസ്റ്റിൽ കോട്ടയം ജില്ലയിലെ വെന്നിമലയിൽ ജനിച്ചു. ചെരിക്കര ഗോപാലപിള്ളയും പഴയിടത്തു പാർവതിയമ്മയുമാണ് മാതാപിതാക്കൾ. കോളേജ് അധ്യാപകൻ, സ്വാതന്ത്ര്യസമരപ്രവർത്തകൻ, മദ്യനിരോധന പ്രവർത്തകൻ തുടങ്ങിയ മേഖലകളിൽ പ്രവർത്തിച്ചു. കേരള സാഹിത്യ അക്കാദമിയുടെ നിർവ്വാഹക സമിതി അംഗവുമായിരുന്നു.
പ്രധാന കൃതികൾ: സപ്തസ്വരം, ഓർമ്മയുടെ സുഗന്ധം, അരളിപ്പൂക്കൾ, മരുഭൂമിയുടെ കിനാവുകൾ

### പ്രതിഫലനാത്മക കുറിപ്പുകൾ

കവിതയുടെ ആശയം ആഴത്തിൽ കുട്ടികളുടെ മനസ്സിൽ പതിഞ്ഞിട്ടുണ്ടെന്ന് താരതമ്യക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നീ പ്രവർത്തനങ്ങളിലൂടെ കണ്ടെത്താൻ സാധിച്ചു.